## 7. ഭീരുവിനെ ധീരനാക്കുന്ന കുലുക്കം (1 രാജ:19:11-12)

“മാനുഷഭയം ഒരു കണി ആകുന്നു.” (സദൃ:29:25)എങ്ങനെയാണ് ഭീരുത്വം നമ്മിൽ കടക്കുന്നത്? ആകാശത്തെ വിരിച്ച് ഭൂമിയുടെ അടിസ്ഥാനങ്ങളെ ഇട്ടവനായ നിന്റെ സ്രഷ്ടാവായ യഹോവയെ നീ മറക്കുകയും പീഢകൻ നശിപ്പിപ്പാൻ ഒരുങ്ങി വരുന്നു എന്നുവച്ച് അവന്റെ ക്രോധം നിമിത്തം ദിനംപ്രതി ഇടവിടാതെ പേടിക്കുകയും ചെയ്യുന്നതെന്ത്? (യെശ:51:13). യഹോവയിൽ നിന്ന് അകലുന്തോറുമാണ് നമ്മുടെ വിശ്വാസവും ധൈര്യവും കുറഞ്ഞുപോകുന്നത്. “ അവനിൽ ആശ്രയിച്ചിട്ട് അവകലുള്ള വിശ്വാസത്താൽ നമുക്ക് ധൈര്യവും പ്രവേശനവും ഉണ്ട്” എന്ന് എഫേ :(3:12) ൽ കാണുന്നു.

ദൈവീക അനുഗ്രഹങ്ങളും, ശക്തിയും, അവന്റെ വാഗ്ദത്ത നിവർത്തീകരണവും പ്രാപിപ്പാനുള്ള ഏറ്റവും അനിവാര്യമായ കണ്ണിയാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ ശക്തിയാൽ ഞാൻ പറഞ്ഞല്ലാതെ മഴ പെയ്യുകയില്ല എന്ന് പറഞ്ഞവൻ, കർമ്മേലിൽ, സ്വർഗ്ഗത്തിൽ നിന്നും തീയിറക്കി യാഗം നടത്തിയവൻ ഇപ്പോൾ കടുത്ത നിരാശയിലാണ്.

### ഏലിയാവിന്റെ നിരാശയുടെ കാരണങ്ങൾ

1. വിളവുകൾ തരുന്നത് ബാൽദേവനെന്നു കരുതിയ ജനങ്ങളുടെ ചിന്തയെ പ്രാർത്ഥനയുടെ ശക്തിയാലാണ് എതിർത്തത്. എന്നാൽ പ്രതിഫലം ശത്രുവിന്റെ ഭീഷണി ആയപ്പോൾ നിരാശയിൽ വീണുപോയി.
2. യിസ്രായേൽ ജനത്തോടുള്ള കരുതൽ മൂലമാണ് ബാലിന്റെ പ്രവാചകൻമാരെ കൊന്നത് (1രാജ:18:40) എന്നിട്ടും യിസ്രായേലിൽ പാർക്കുവാൻ ദൈവം അനുവദിച്ചില്ല.
3. കർമ്മേലിൽ മഴ പെയ്തപ്പോൾ ഇസബേലും കൂട്ടരും മാനസാന്തരപ്പെടുമെന്ന് ഏലിയാവ് കരുതി. അതിനു പകരം അവൾ തിരിച്ച് ഭീഷണിപ്പെടുത്തി. ഇത് പ്രത്യക്ഷമായ പരാജയമാകയാൽ ഏലിയാവ് കടുത്ത നിരാശയിലായി.

ധൈര്യഹീനനോട് സഹതാപത്തോടെ പെരുമാറുന്ന ദൈവം

1. ശത്രുവിനെ ഭയന്ന് മരുഭൂമിയിലേക്ക് ഓടിയ ഭീരുവിനെ , ദൈവം ഉറങ്ങുവാനനുവദിച്ചു. എത്രസമയം ഉറങ്ങിയെന്ന് അവനറിയുന്നില്ല. നല്ല ഉറക്കം ദൈവത്തിന്റെ ദാനമാണ്. (സദൃ:3:24)

2. ചൂരച്ചെടിയുടെ ചുവട്ടിൽ കിടന്ന ഭീരുവിനെ തട്ടി ഉണർത്തി സ്വർഗ്ഗത്തിലെ അപ്പവും വെള്ളവും നൽകി.(1രാജ:19:5-7)
(ചൂരച്ചെടിയുടെ ചുവട്ടിൽ കിടക്കുന്നത് ആർ? )

Read- യിരെ (17:5-6)

3. ദൈവം തന്റെ സാന്നിദ്ധ്യം നൽകി ഭീരുവിനെ ധൈര്യപ്പെടുത്തുന്നു.

പ്രകൃതിയിൽ മൂന്ന് മാറ്റങ്ങൾ നടന്നു. (1) കൊടുങ്കാറ്റ്, (2) പർവ്വതങ്ങൾ കീറി, പാറകൾ തകർന്നു. , (3) വലിയ ഭൂകമ്പം ഉണ്ടാകുകയും ചെയ്തു. ദൈവം ഇടപെട്ടപ്പോൾ അവന്റെ ജീവിതത്തിലും ഒരു കുലുക്കമുണ്ടായി, ഭീരു ധീരനായിത്തീർന്നു.

പ്രാർത്ഥനാവീരനായ ഏലിയാവിന്റെ ജീവിതവും പൗലോസിന്റെ ജീവിതവും ഒന്ന് ഒത്തുനോക്കാം. ഏലിയാവ് ദൈവത്തിനായി നിന്നു. ശൗൽ ദൈവമക്കളെ കൊന്നത് മഹാപുരോഹിതന്മാരെ സന്തോഷിപ്പിക്കുവാനായിരുന്നു. ഏലിയാവിനോട് ഹോരേബിൽ വച്ച് സംസാരിച്ചു എങ്കിൽ ശൗലിനോട് ദമസ്കോസിൽ വച്ച് സംസാരിക്കുകയും പുതിയ പേര് നൽകുകയും ചെയ്തു. ഏലിയാവും , പൗലോസും നിരാശയിൽ മരിപ്പാനാഗ്രഹിച്ചു.

Read 1രാജ:(19:6), 2 തിമൊ:(4:6)

ഏലിയാവ് , താൻ മാത്രം ശേഷിച്ചതായി പുലമ്പിയപ്പോൾ , ആരും തുണ നിന്നില്ല എന്നോർത്ത് പൗലോസ് ദു:ഖിച്ചു. ഇവരോട് രണ്ടുപേരോടും യഹോവ സംസാരിച്ചു.

എന്റെ അഭിപ്രായത്തിൽ പൗലോസിന്റെ ജീവിതത്തിലെ കുലുക്കത്തിന്റെ കഠിനത ഭയങ്കരമായിരുന്നു. എങ്കിലും ഓരോ കുലുക്കവും ദൈവകൃപയിൽ വർദ്ധിക്കുവാൻ കാരണമായി.

ഇതുപോലെ ഓരോ കുലുക്കവും നമ്മെ ക്രിസ്തുവിൽ വളരുന്നവരാക്കട്ടെ.

“Success is not final
Failure is not fatal
It is the courage to continue that counts”

**Winstan Churchil**

## 8.അശുദ്ധിയെ വെളിവാക്കുന്ന കുലുക്കം (യെശ:6:4)

പാലസ്റ്റീനിൽ ഭൂമികുലുക്കം പതിവില്ലാത്ത കാലഘട്ടത്തിൽ ദൈവം **'ആമോസ്'** എന്ന തെക്കോവയിലെ ഇടയന്മാരിൽ ഒരുത്തനെ തന്റെ ദൂതുമായി അമസ്യാവിന്റെ അടുക്കൽ സംഭവം നടക്കുന്നതിന് രണ്ടു വർഷം മുമ്പേ അയച്ചു. Amos(1:1), (7:14,15). ആമോസിനെക്കൊണ്ട് പറയിപ്പിച്ച ഭൂകമ്പമാകയാൽ ഇതിനെ **'Amos earthquake'**എന്നും പറയുന്നു. ഉസ്സിയാവിന്റെ കാലത്ത് ഈ കുലുക്കം ഉണ്ടായി എന്നത് രണ്ടായിരം വർഷങ്ങൾക്കു ശേഷം സെഖര്യ്യാ പ്രവാചകനും രേഖപ്പെടുത്തിയിരിക്കുന്നു. ------- സെഖ:(14:5). ആമോസ് ദൈവീകദൂത് (Amos 7:7-11)പ്രവചിച്ചതിന് അമസ്യാവ് അദ്ദേഹത്തെ പരിഹസിച്ചു.(Amos 7:12-13). അതിനുള്ള ശിക്ഷയും അമസ്യാവിന് ലഭിച്ചു------ 2 ദിന :(25:27).

[ദൈവം അയയ്ക്കുന്ന ദൂതന്റെ വാക്ക് ശ്രദ്ധിക്കുക, അനുസരിക്കുക, വചനത്തിൽ കൂടെയും ചിലപ്പോൾ നമ്മോട് സംസാരിക്കും. കേട്ടനുസരിച്ചാൽ ജീവിതത്തിലുണ്ടാകുന്ന കുലുക്കങ്ങളെ അതിജീവിപ്പാൻ കഴിയും എന്നത് ഓർമ്മയിലിരിക്കട്ടെ ] Read ആവ:(11:28)

ഭൂഗർഭ ഗവേഷകരുടെ അഭിപ്രായത്തിൽ ഇതൊരു Gigantic Earthquake ആണെന്നാണ് അഭിപ്രായം. എന്നാൽ പരിശുദ്ധാത്മാവ് ഭുകമ്പത്തിന്റെ അളവ് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല .

(References--Amos(3:14),(6:11),(9:1-8))

അസര്യ്യാവ് അഥവാ ഉസ്സിയാവ് രാജസ്ഥാനിലേക്ക് ആനയിക്കപ്പെട്ടത് പതിനാറാം വയസ്സിലായിരുന്നു. ----2രാജ(15:1-5).അദ്ദേഹം ചെയ്തതെറ്റും അതിന്റെ അനന്തരഫലവും അറിയുവാൻ

Read 2ദിന:(26:1-5),2ദിന(26:16-23)

കുഷ്ഠരോഗിയായി മരിച്ച ഉസ്സിയാവിന്റെ മരണശേഷം മാത്രമാണ് പ്രവാചകൻ തന്റെ ചുറ്റുപാടിനെപ്പറ്റിയും തന്നെപ്പറ്റിയും

പരിശോധിക്കുന്നത്. ആമോസിന്റെ മകനായ യെശയ്യാ പ്രവാചകൻ ആദ്യ അഞ്ച് അദ്ധ്യായങ്ങളിലും 'അയ്യോ കഷ്ടം' എന്ന് പുലമ്പുന്ന വ്യക്തിയാണ്.

Read-Isaiah -(5:9,12,19,20,21,23)

ഭൂകമ്പത്തെപ്പറ്റി പ്രവചിച്ച ആമോസിന്റെ മകനായ യെശയ്യാവ് രാജകീയ നന്മകൾ (ഭൗമീകമായത്)അനുഭവിച്ചപ്പോൾ രാജാവിന്റെ കുറവുകളോ സ്വന്തം കുറവുകളോ മനസ്സിലാക്കിയില്ല.

"Knowing is not enough , we must apply
willing is not enough, we must do"

A famouse saying

ഉസ്സിയാവ് മരിച്ച ആണ്ടിൽ സ്വന്തം കുറവുകളെ യെശയ്യാവിന് ബോദ്ധ്യമാകുവാൻ ദൈവം ഒരു ഭൂകമ്പം അയച്ചു.(യെശ:6:4) ഭൗമീകരാജാവിൽ ശ്രദ്ധിച്ചിരുന്ന പ്രവാചകൻ സ്വർഗ്ഗീയ രാജാവിനെ അപ്പോഴാണ് ദർശിച്ചത്. ആ ദർശനം തന്റെ കുറവുകളെ കാണുവാനും താൻ അശുദ്ധനെന്ന് മനസ്സിലാക്കുവാനും ഇടയായി.-----യെശ:(6:1-5)

അശുദ്ധിയ്ക്ക് വിടുതൽ ലഭിച്ച വിധം ------- യെശ:(6:6-7)

ശുദ്ധി പ്രാപിച്ചവന് നിയോഗവും ലഭിച്ചു ----യെശ:6:8-9)

**അശുദ്ധിയിൽ നിന്ന് ശുദ്ധിയിലേക്ക് നടത്തുന്ന പടികൾ ഏവ**

1.സിംഹാസനസ്ഥനെ കാണണം--------യെശ:(6:1)

2.രാജാധിരാജനെ കണ്ടവൻ കുറവുകളെ മനസ്സിലാക്കുന്നു- യെശ:(6:5)

3.വാസംഎവിടെയായിരുന്നുഎന്ന്മനസ്സിലാക്കി----------- യെശ:(6:5)

4. തീക്കനലാൽ പാപപരിഹാരം -----യെശ:(6:7)

യെശയ്യാവിന്റെ അശുദ്ധിയെ മനസ്സിലാക്കുവാൻ സഹായിച്ച കുലുക്കത്തെ പത്രോസ് തന്റെ തെറ്റിനെ മനസ്സിലാക്കി അതി ദു:ഖത്തോടെ കരഞ്ഞതുമായി താരതമ്യം ചെയ്തു പഠിക്കുന്നത് ഉചിതമാണ്. ഗുരു മുന്നറിയിപ്പ് നൽകിയിട്ടും , അകലം വിട്ടുനടന്ന പത്രോസ് മൂന്നുപ്രാവശ്യം ഗുരുവിനെ തള്ളിപ്പറഞ്ഞു. -----ലൂക്കോ:(22:57-61)

മൂന്നുപ്രാവശ്യം അറിയുന്നില്ല എന്ന് പറഞ്ഞശേഷം ഗുരു തിരിഞ്ഞു നോക്കിയപ്പോഴാണ് തെറ്റ് തിരിച്ചറിയുന്നത്.

പ്രീയരേ! അകലം വിട്ടുനടക്കാതെ , മുന്നറിയിപ്പുകൾ അവഗണിക്കാതെ യേശുവിനോടു കൂടെ നടക്കുക. ജീവിതത്തിലുണ്ടാകുന്ന കുലുക്കങ്ങൾ നമ്മുടെ തെറ്റുകളെ മനസ്സിലാക്കുന്നതാകട്ടെ. ശ്രദ്ധയോടെ മുൻപോട്ടുപോകുക.

**Praise God**

## 9.ജീവൻ നൽകുന്ന കുലുക്കം ----------യെഹ:(37:7)

യെഹസ്കേൽ പ്രവാചകൻ മുഴക്കം കേൾക്കയും ഭൂമി കുലുക്കം അഥവാ ഭൂകമ്പം അനുഭവിക്കുകയും ചെയ്തത് ദൈവം തന്നോട് പറഞ്ഞതുപോലെ അനുസരിച്ചപ്പോഴാണ്.

Obedience to God Proves our love for Him (1John 5:3) demonstrates our faithfulness to Him (1John 5:4), glorifies Him in the world (1Peter 2:12)and opens avenues of blessing for us(John 13:17) യെഹസ്കേൽ പ്രവാചകനെ യഹോവയുടെ കരമാണ് താഴ്വരയുടെ നടുവിൽ നിർത്തിയത്. ഈ താഴ്വര യെറുശലേമിനോടടുത്തുള്ള സമഭൂമിയാണ്. ഇവിടം ഉണങ്ങിയ അസ്ഥികൾ കൊണ്ട് നിറഞ്ഞതാണ്.ശവസംസ്ക്കാരം കിട്ടാത്ത യിസ്രായേൽ ജനത്തിന്റെ ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ താഴ്വര പ്രവാചകനെ ചുറ്റിനടത്തിക്കാണിച്ചു. ചുറ്റിചുറ്റിനടത്തി എന്നു പറഞ്ഞിരിക്കുന്നത് അതിന്റെ ഭീകരത പ്രവാചകൻ കണ്ടു എന്ന അറിവിനാകാം. അതിനുശേഷം കർത്താവ് പ്രവാചകനോട് ചോദിച്ചു "ഈ അസ്ഥികൾ ജീവിക്കുമോ?"

ഉണങ്ങിയ അസ്ഥികൾ , മാംസം ഇല്ലാത്തവ ഇത് ജീവിക്കുമോ എന്ന് പറയുവാൻ കർത്താവിനേ കഴിയൂ എന്ന് പ്രവാചകൻ സമ്മതിക്കുന്നു. "യഹോവയായ കർത്താവേ നീ അറിയുന്നു" എന്നായിരുന്നു പ്രവാചകന്റെ മറുപടി. ജീവൻ നൽകുവാൻ കഴിവുള്ളവൻ അപ്പോൾ തന്നെ പ്രവചന ദൗത്യം പ്രവാചകനെ ഏൽപ്പിക്കുന്നു. താഴ്വരയിലെ ഉണങ്ങിയ അസ്ഥിക്കൂമ്പാരങ്ങളോട് 'ജീവിപ്പിക്കും' എന്നുള്ള യഹോവയുടെ ദൂതാണ് പറയേണ്ടത്. സാധാരണ മനുഷ്യന് സ്വീകരിപ്പാൻ പ്രയാസമുള്ളത് . എന്നാൽ ദൈവം വിളിയ്ക്കുന്നവൻ അതനുസരിക്കണം , അനുസരിച്ചേ മതിയാകൂ. പ്രവചന ശുശ്രൂഷ ചെയ്ത യെഹസ്ക്കേൽ പ്രവാചകന്റെ ധൈര്യം "ഉണങ്ങിയ അസ്ഥികളേ" എന്ന സംബോധനയിൽ നിന്ന് മനസ്സിലാകുന്നതാണ്. (യെഹ:37:4-6)മുഴക്കവും തുടർന്ന് ഭൂകമ്പവും

ഉണ്ടായത് യഹോവ പറയുവാൻ നിർദ്ദേശിച്ചത് അനുസരിച്ചപ്പോൾ മാത്രമാണ്. യഹോവയെ അനുസരിച്ചാൽ മാത്രമേ അനുഗ്രഹത്തിന്റെ മുഴക്കം നമ്മുടെയും ജീവിതത്തിൽ ഉണ്ടാകുകയുള്ളൂ. യഥാർത്ഥ ദൈവദാസൻ ദൈവം പറയുവാൻ കൽപിച്ചതേ പറയുകയുള്ളൂ. സാമ്പത്തീക നേട്ടത്തിനോ സ്വാർത്ഥ മോഹങ്ങൾക്കു വേണ്ടിയോ 'പ്രവചിക്കുന്നു' എന്ന് പറയുന്നവൻ പ്രവാചകനല്ല. പ്രവചനശേഷം അസ്ഥി അസ്ഥയോട് ചേർന്നു,ഞരമ്പ്,മാംസം ഇവ വന്നു ചേരുന്നതു മാത്രമല്ല ത്വക്ക് കൊണ്ട് പൊതിയുന്നതും കണ്ടുകൊണ്ടു നിൽക്കുന്ന പ്രവാചകനോട് ശ്വാസം ഊതുവാൻ കാറ്റിനോട് പ്രവചിക്കുവാനും ആവശ്യപ്പെട്ടു. തുടർന്ന് ഇവ ഒരു സൈന്യമായി മാറി.

ഈ അസ്ഥികളുടെ താഴ്‌വര പ്രതീക്ഷ കൈവിട്ട ചില ജീവിതങ്ങളുടെ പ്രതീകമാണ്. നിങ്ങളുടെ പ്രതീക്ഷകൾ തകർന്നതിനെ നോക്കി, മറുപടി ലഭിക്കാത്ത വിഷയങ്ങളെ നോക്കി യഹോവയുടെ വാഗ്ദത്തങ്ങൾ വിളിച്ചുപറയുക. ഫലം നിശ്ചയം.ഉദാഹരണമായി താഴെപറയുന്നവ ശ്രദ്ധിക്കുക.

ബലഹീനർ----- ഫിലി:(4:13), ആവ:(31:6)
കടഭാരമുള്ളവർ----- ഫിലി:(4:19), മലാഖി:(3:10)
ശുഭ ഭാവി വേണ്ടവർ -------- യിരെ:(29:11)
രോഗസൗഖ്യം വേണ്ടവർ----- സങ്കീ:(103:3),(107:20)

"യഹോവ എന്റെ അപേക്ഷ കേട്ടിരിക്കുന്നു, യഹോവ എന്റെ പ്രാർത്ഥന കൈകൊള്ളും" (സങ്കീ:6:9) പരിപൂർണ്ണമായി വിശ്വസിച്ച് ഈ വചനങ്ങൾ ഏറ്റുപറയുക. അവൻ നിങ്ങളായിരിക്കുന്ന ജീവനില്ലാത്ത അവസ്ഥയിൽ നിന്ന് പുറത്തു കൊണ്ടുവരും. അപ്പോൾ യഹോവ ആർ എന്ന് നാം അറിയുകയും ചെയ്യും. (യെഹ:37:12-14)

"യഹോവ" ആർ എന്ന് എബ്രായബാലന്മാരെ തീയിലിടുവാൻ കല്പന പുറപ്പെടുവിച്ച രാജാവും കൂട്ടരും അറിയുവാൻ തക്കവണ്ണം ചൂളയിൽ ഇടുംവരെ ദൈവം അനങ്ങിയില്ല.ദൈവം

വിശ്വാസത്തിലുറപ്പിച്ച ആ ബാലന്മാരും വാക്കുമാറ്റി പറഞ്ഞില്ല.തീയിൽ ദൈവസാന്നിദ്ധ്യം കണ്ട് അവർ (കല്പന പുറപ്പെടുവിച്ചവർ) വിശ്വസിച്ചു. പ്രതികൂലങ്ങളുടെ തീയിൽ നിന്ന് നമ്മെയും രക്ഷിപ്പാൻ ഇറങ്ങിവരുന്ന ഒരു ദൈവം ഉണ്ട്. അതിനായി ഉണ്ടാകുന്ന 'കുലുക്കത്തെ' ഭയപ്പെടേണ്ട, അവ ജീവൻ നൽകുവാൻ അവൻ അയച്ചതാകുന്നു എന്ന് മനസ്സിലാക്കി കൃപയിൽ നിലനില്പാൻ ദൈവം സഹായിക്കട്ടെ.